# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1233 12.07.2016-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി പെയിന്റർ ഗ്രേഡ്-2 നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ് | | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യിലെ പെയിന്റർ ഗ്രേഡ്-2 പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; | (എ) | 25.03.2014-ൽ ആണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 83 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | എത്ര പെയിന്റർ തസ്തികകളാണ് നിലവിലുള്ളതെന്നും എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ; | (ബി) യും (സി) യും | 185 പെയിന്റർ തസ്തികകളാണ് നിലവിലുള്ളത്. എല്ലാ ഒഴിവുകളിലും നിയമനം നടത്തിയിട്ടുണ്ട്. |
| (സി) | എല്ലാ ഒഴിവുകളും നികത്തുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും? | (ഡി) | ഒരു റാങ്കുലിസ്റ്റിന്റെ കാലാവധി അത് നിലവിൽ വന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്നു വർഷവും ആണ്. ഒരു വർഷത്തിനു ശേഷം പുതിയ ഒരു റാങ്ക് പട്ടിക നിലവിൽ വരുന്ന പക്ഷം നിലവിലെ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതാണ്. ലിസ്റ്റിലെ മെയിൻ ലിസ്റ്റിലെ എല്ലാവർക്കും ഈ കാലയളവിൽ നിയമന ശിപാർശ നൽകി കഴിഞ്ഞാൽ ലിസ്റ്റ് നിലവിലില്ലാതായിത്തീരും. |

സെക്ഷൻ ഓഫീസർ